ഉത്തരം

മാനേജ്മെന്റ് സ്വകാര്യ മേഖലയിൽ ഫ്ലൂഡ് പാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ഒന്നുംതന്നെ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

കോസർഗോഡ് ആസ്ട്രൽ വാച്ചസ് കമ്പനി

7 [471] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) കോസർഗോഡ് ആസ്ട്രൽ വാച്ചസ് കമ്പനി സ്ഥാപിച്ചിട്ട് എത്ര വർഷമായി;

(ബി) പ്രസ്തുത സ്ഥാപനം പുനരുദ്ധരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 10-2-1978-ൽ ആണ് ആസ്ട്രൽ വാച്ചസ് കമ്പനി രൂപീകരിച്ചത്.

(ബി) എന്റർപ്രൈസസ് റിഹാബിലിറ്റേഷൻ കമ്മറ്റി (ഇ.ആർ.സി.)-യുടെ ശുപാർശ പ്രകാരം ആസ്ട്രൽ വാച്ചസ് ലിമിറ്റഡിന്റെ പുനരുദ്ധാരണം നിയമാവലിയുടെ മേൽ നോട്ടത്തിൽ നടന്നുവരുന്നു. അതിലേയ്ക്കായി പത്രങ്ങൾ മുഖേന നടത്തിയ പരസ്യത്തിന്റെ അടിസ്ഥാനത്തിൽ രണ്ടു കമ്പനികളുടെ താൽപ്പര്യ പ്രകടനങ്ങൾ ലഭിക്കുകയുണ്ടായി. നിലവിലുണ്ടായിരുന്ന തൊഴിലാളികൾ 50 ശതമാനം പേരെ (അതായത് 44 തൊഴിലാളികളെ) സാമൂഹ്യ സംരക്ഷണ പദ്ധതിയിൽപ്പെടുത്തി സ്വയം പിരിഞ്ഞു പോകുവാൻ അനുവദിക്കുകയും അവരുടെ സാമ്പത്തിക ആനുകൂല്യങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. ബാക്കിയുള്ള തൊഴിലാളികളെക്കൂടി ഈ പദ്ധതിയിൽപ്പെടുത്തി സ്വയം വിരമിക്കുന്നതിനുള്ള അനുവാദം നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

കൈത്തറി വ്യവസായ വികസനം

8 [476] ശ്രീ. കെ. പി. മോഹനൻ:

,, സി. കെ. നാണു:

ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായ വികസനത്തിന് വേണ്ടി എന്തൊക്കെ പദ്ധതികളാണ് സംസ്ഥാന ഗവൺമെന്റ് കേരളത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇതിൽ കേന്ദ്ര/സംസ്ഥാന ആവിഷ്കരണ പദ്ധതികൾ ഏതെല്ലാം; വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly